# സുറിയാനി സഭയുടെ സത്യവിശ്വാസ സംഗതികൾ

റെവ. (ഡോ.) സി. എ. നൈനാൻ M.Sc., Ph.D., Th.D., D.D., D.Litt.

## 1. സത്യവിശ്വാസം

> പ്രിയരേ, നമുക്കു പൊതുവിലുള്ള രക്ഷയെക്കുറിച്ചു നിങ്ങൾക്കു എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്കു ഒരിക്കലായിട്ടു ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി പോരാടേണ്ടതിനു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യം എന്നു എനിക്കു തോന്നി (യൂദാ:3)

ഗോത്രപിതാവായ യാക്കോബ് നാട്ടി നിർത്തി അഭിഷേകം ചെയ്ത ശില, ശ്ലീഹന്മാരിൽ തലവനായ ശീമോനാകുന്ന പാറമേൽ (പത്രോസ്) നമ്മുടെ കർത്താവു സ്ഥാപിച്ച സഭയുടെ ദൃഷ്ടാന്തമായിരുന്നു. ഈ സഭയുടെ സിംഹാസനം എ.ഡി. 37-ൽ അന്ത്യോഖ്യായിൽ (Acts: 26) വി. പത്രോസ് സ്ഥാപിച്ചു. ഈ സഭ ആദികാലം മതുൽ പഠിപ്പിക്കുകയും പാലിക്കുകയും ചെയ്തുവരുന്ന വിശ്വാസത്തിൻെറ പേര് സത്യ(ഓർത്തഡോക്സ്) വിശ്വാസം എന്നാകുന്നു. ഇത് ആചരിക്കുന്നവരാണ് സത്യക്രിസ്ത്യാനികൾ.

വി. സഭാ ജീവിതം എന്നത് പരിമിതവും, അപക്വവുമായ മാനുഷിക ബുദ്ധിക്കും അസ്ഥിരമായ മാനസ്സിക അവസ്ഥകൾക്കും അതീതമാകയാൽ ദൈവിക വ്യാപാരം വഴി പ. ശ്ലീഹന്മാരും പ. സഭാപിതാക്കന്മാരും നമ്മെ ഭരമേല്പിച്ചിട്ടുള്ള നടപടികളും ക്രമങ്ങളും മാററമോ, മാലിന്യമോ ഇല്ലാതെ കാത്തു സൂക്ഷിപ്പാനല്ലാതെ (2. തെസ്സ. 2:15) അവയെ ശോധന ചെയ്യുവാനോ, വ്യക്തിഗതങ്ങളായ തിരുത്തലുകൾ വഴി വികലമാക്കുവാനോ (വെളി. 22:18–19) ഒരുവനും അധികാരം ഇല്ലാത്തതുമാകുന്നു. തങ്ങൾക്കു ഗ്രഹിക്കുവാൻ കഴിയാത്ത അതി വിശുദ്ധവും അതി നിഗൂഢങ്ങളുമായ ദൈവിക മർമ്മങ്ങളെ തള്ളിപ്പറഞ്ഞ് വെടിയുന്നവർ വിവരദോഷികളാകുന്നു. ദുർവ്യാഖ്യാനം വഴിയോ, തന്ത്രപരമായോ ദൈവീക രഹസ്യങ്ങൾ കൈകാര്യം ചെയ്യുന്നത് ശാപാർഹവുമാകുന്നു. തിരുനിവാസവും അതിൻെറ ഉപകരണങ്ങളും ഞാൻ കാണിക്കുന്ന മാതൃക പ്രകാരം ഒക്കെയും ഉണ്ടാക്കണം (പുറ. 25:9). പർവ്വതത്തിൽ വച്ചു കാണിച്ചു തന്ന മാതൃക പ്രകാരം സകലവും ചെയ്വാൻ സൂക്ഷിച്ചു കൊള്ളണം (പുറ. 25:40, 27:8) എന്ന ദൈവ നിർദ്ദേശം ഇന്നും വി. സഭയിൽ ഉണ്ട്. അതിനോടുള്ള മാത്സര്യം (1. തിമോ. 6:3–7) ശിക്ഷാർഹമാകുന്നു. അഹന്ത കലർന്ന അന്ധത ആപൽക്കരം തന്നെ. ദൈവത്തെ ധരിച്ച, ദൈവത്തിനായി കൊല്ലപ്പെട്ട (സഹദേന്മാർ) സഭാപിതാക്കന്മാർ പാലിച്ച് നമ്മെ ഏല്പിച്ചിട്ടുള്ള വിശ്വാസത്തോടുള്ള മാത്സര്യം ദൈവത്തോടുള്ള മത്സരമാകുന്നു. അവരുടെ പഠിപ്പിക്കലുകളും പാരമ്പര്യങ്ങളും ചോദ്യം ചെയ്തു കൂടാ.

പ. സഭാ ജീവിതം ക്രിസ്തുവിലുള്ള ജീവിതമാകയാൽ അതു കൗദാശിക ജീവിത (sacramental life) മാകുന്നു. വി. കൂദാശകളുടെ പൌരോഹിത്യപരമായ സ്വീകരണം വഴി മാത്രമേ സഭാജീവിതം വഴി ലഭിക്കേണ്ട രക്ഷാപൂർത്തി പ്രാപിപ്പാൻ ഒരുവനു കഴിയുകയുള്ളൂ. ആകയാൽ, വിശുദ്ധന്മാർക്കു ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന വിലയേറിയ വിശ്വാസത്തിനു (2. പത്രോ.1:2) വേണ്ടി പോരാടുകയും പ്രബോധിപ്പിക്കയും ചെയ്വാൻ (യൂദാ 1:3) അപ്പോസ്തോലിക കാലത്തെന്നപോലെ തന്നെ ഇന്നും ആവശ്യമായി വന്നിരിക്കുന്നു.

> നിങ്ങളോ പ്രിയമുള്ളവരെ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തെ ആധാരമാക്കി നിങ്ങൾക്കു തന്നെ ആത്മീക വർദ്ധന വരുത്തിയും പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചും നിത്യജീവനായിട്ട് നമ്മുടെ കർത്താവേശുമശിഹായുടെ കരുണയ്ക്കായി കാത്തിരുന്നു കൊണ്ട് ദൈവസ്നേഹത്തിൽ നിങ്ങളെ തന്നെ സൂക്ഷിച്ചു കൊൾവിൻ.



http://Syrianchurch.org
© Malankara Syriac Christian Resources

എന്ന വി. യൂദായുടെ വചനം (യൂദ. 1:20) കൗദാശിക സഭാ ജീവിതത്തിന്റെ പ്രാധാന്യത്തെ ഇന്നും ഉൽബോധിപ്പിക്കുന്നതാകുന്നു. ആത്മിക വർദ്ധന എന്ന് വി. ശ്ലീഹാ പറയുന്നത് വി. കൗദാശിക ജീവിതം വഴിമാത്രം ലഭ്യമാകുന്ന കൃപാവര വർദ്ധനയാകുന്നു. ഒരിക്കൽ മാത്രമുള്ള മാമോദീസ വഴി ജന്മപാപമോചനം പ്രാപിച്ചവർ കർമ്മ പാപക്കറകളെ തുടർച്ചയായുള്ള വി. കുമ്പസ്സാരം വഴി കഴുകിക്കളഞ്ഞും വി. കുർബ്ബാനാനുഭവം വഴി നിത്യജീവൻ ഉറപ്പു വരുത്തിയും രക്ഷാ മാർഗ്ഗത്തിൽ കൗദാശികമായി മുന്നേറണം. ഇതല്ലാതെ മററു രക്ഷാമാർഗ്ഗങ്ങളില്ല. പാട്ടും, പ്രാർത്ഥനയും, നോമ്പും, നമസ്ക്കാരവുമെല്ലാം കൗദാശിക ജീവിതത്തിന്റെ സഹായികൾ മാത്രമാകുന്നു. അതിന്റെ പൂർണ്ണതയല്ല കൂദാശകളുടെ അനുഷ്ഠാനങ്ങളും അനുഭവവവും മാത്രമാണ് ക്രിസ്തീയ ജീവിത യാഥാർത്ഥ്യങ്ങൾ.

## സത്യവിശ്വാസ സംഗതികൾ

1. ത്രിയേക ദൈവത്തിലുള്ള വിശ്വാസം, 2. ക്രിസ്തുവിന്റെ രക്ഷണ്യമായ മനുഷ്യാവതാരം, 3. പരിശുദ്ധാത്മാവിന്റെ പുറപ്പാട്, 4. വിശുദ്ധ പാരമ്പര്യങ്ങളുടെ ദൈവ നിശ്വസനീയത, 5. നിഖ്യാവിശ്വാസ പ്രമാണം, 6. ഏഴു കൂദാശകൾ, 7. മാദ്ധ്യസ്ഥ പ്രാർത്ഥന (ദൈവമാതാവ്, വിശുദ്ധന്മാർ, ശുദ്ധിമതികൾ എന്നിവരുടെ), 8. യാമപ്രാർത്ഥനകൾ, 9. നോമ്പ്, 10. ഉപവാസം, 11. പള്ളി കൂദാശ, 12. ഞായറാഴ്ച, മാറാനായ പെരുനാളുകൾ എന്നിവയുടെ ആചരണം, 13. പ. അന്ത്യോഖ്യാ സിംഹാസനം വഴിയുള്ള അപ്പോസ്തലിക കൈവയ്പ്പ്, 14. കാനോനിക കൈവയ്പ്പ് നിലനിർത്തുന്ന ആചാര്യത്വത്തിന്റെ മൂന്നു സ്ഥാനികൾ, 15. ശിശു സ്നാനം, 16. വി. സ്ലീബായും പ്രദക്ഷിണവും (സങ്കീ. 48:12-13), 17. മരണാനന്തര ശുശ്രൂഷ, 18. മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, 19. പൊതു സുന്നഹദോസുകൾ, 20. വിശുദ്ധന്മാരുടെ തിരുശേഷിപ്പുകൾ (2. രാജാ. 13:21).

**2. സഭാ ജീവിത (വാർഷിക) ചക്രം**

സഭാജീവിതം ക്രിസ്തുവിലുള്ള ജീവിതമാകുന്നു (Life of the Church is life in Christ). ആണ്ടടക്കമുള്ള സഭാ ജീവിതത്തിന് ക്രിസ്തു ചക്രം (Christ cycle, temporal cycle, proper of the season) എന്നു പറയുന്നു. ഈ സഭാ വാർഷിക ചക്രത്തിന് 7 liturgical seasons (each of 7 or 8 weeks) ഉണ്ട്. കർത്താവേശു മശിഹായുടെ മനുഷ്യാവതാരത്തിലെ എല്ലാ കർമ്മങ്ങളും ഒത്തു ചേരുന്നതാണ് മനുഷ്യ രാശിയുടെ രക്ഷയുടെ മർമ്മം. ആകയാൽ അവയെല്ലാം വാർഷിക ചക്രത്തിലെ വിവിധ പെരുനാളുകളായി കത്തൃശരീരമായ വി. സഭ കൊണ്ടാടുന്നു.

## സഭയുടെ ഏഴു വാർഷിക സീസണുകൾ

**1. സുബോറൊ** - രക്ഷയുടെ ആദ്യഘട്ടം, ഇതിൽ ഏഴു ഞായറാഴ്ചകൾ ഉണ്ട്. അതിൽ രണ്ടെണ്ണം വി. സഭയുടെ ഞായറാഴ്ചകളും Sundays of the Church) (കൂദോശ് ഈത്തോ, ഹൂദോസ് ഈത്തോ) ബാക്കി അറിയിപ്പുകളുടേയും ആകുന്നു.

(i) Zacharias, (ii) Mother of God, (iii) Visitation, (iv) Birth of Baptist, (v) Revelation to Joseph

**2. യദോ - ദെനഹോ സീസൺ** (Christmas - Epiphany) Trinity and Messiahship of Christ

**3. സൌമോ സീസൺ** (Fast of our Lord and the week of His passion) - 50 days

**4. ഉയർപ്പ് സീസൺ** (Easter - 50 days)

**5. പെന്തക്കൊസ്ത് സീസൺ** (Pentecost) New life of communian with God given through resurrection and theophany of the Holy Spirit.

**6. മറുരൂപം** (Season of transfiguration)



http://Syrianchurch.org
@ Malankara Syriac Christian Resources

7. **കുരിശിൻെറ മഹത്വീകരണം** Glorification of the Cross - recapitulation of the whole economy salvation

### 3. ആഴ്ചയിലെ ഏഴുദിവസങ്ങളുടെ പ്രാധാന്യം

1. Sunday — Commemoration of the resurrection and participation in the new life of Christ.
2. Monday & Tuesday : Repentence - the theme of John The Baptist
4. Wednesday : Kept in honour of the Mother of God, her divine motherhood and her role in the economy of salvation
5. Thrusday : a) Apostles to whom we owe the original preaching of the gospel
   b) Prophets who prepared the way for the gospel
   c) Martyrs who laid down their lives in witness of it.
6. Friday : Commemoration of the cross, recalling the mystery of the passion of Christ by which we were redeemed and the vicotry over death won on the cross.
7. Saturday : Memory of the departed priests, through whom the ministry of the gospel is continued

Thus at the end of the week our thoughts are turned to the end of this life and to the second coming of Christ which will bring the general resurrection.

### മർക്കോസിൻെറ മാളികയുടെ പ്രാധാന്യം :

വി. സഭയിലെ താഴെക്കാണുന്ന സുപ്രധാന സംഭവങ്ങൾ നടന്നു:

1. നമ്മുടെ കർത്താവു യെഹൂദപെസഹാ ആചരിച്ചു. 2. പുതിയ നിയമ പെസഹാ ആരംഭിച്ചു. 3. ശുദ്ധ ശ്ലീഹന്മാരുടെ മേൽ തീ നാമ്പിൻെറ സാദൃശ്യത്തിൽ പാറക്ലീത്താ ഇറങ്ങി. 4. ഉയർപ്പിൻെറ ശേഷം നമ്മുടെ കർത്താവ് ശ്ലീഹന്മാർക്കു കാണപ്പെട്ടു. 5. മാർ യാക്കോബു ശ്ലീഹാ ആദ്യം കുർബ്ബാന ചൊല്ലി. 6. ബന്ധനത്തിൽ നിന്നും മാലാഖയാൽ വിടപ്പെട്ടശേഷം ശുദ്ധ പത്രോസ് വന്നു പ്രവേശിച്ചു. 7. വി. കന്യാസ്ത്രീ അമ്മയെ വി. യോഹന്നാൻ ജ്ഞാനസ്നാനപ്പെടുത്തി.

### 4. ഏഴു കൂദാശകൾ

വിശേഷതയേറിയ ശുശ്രൂഷകൾ (എബ്രാ. 8:6) അഥവാ വിശുദ്ധ രഹസ്യങ്ങൾ (Holy mysteries) എന്നും പേരു പറയുന്ന ഏഴു വി. കൂദാശകളുടെ ബന്ധത്തിൽ വി. സഭാജീവതം സ്ഥാപിക്കപ്പെട്ടു ക്രമീകരിക്കപ്പെട്ടിരിക്കുന്നു. അവ :

1. വി. മാമോദീസ, 2. വി. കുർബ്ബാന, 3. വി. കുമ്പസ്സാരം, 4. വി. മൂറോൻ, 5. വി. പട്ടത്വം,* 6. വി. വിവാഹം, 7. രോഗികളുടെ തൈലാഭിഷേകം

സകല കൂദാശകളേയും അതതിനു വേണ്ട യോഗ്യതയോടു കൂടി കൈക്കൊള്ളേണ്ടതാകുന്നു. അപ്രകാരം കൈക്കൊള്ളുന്നവർക്കു കൃപ ലഭിക്കുകയും തങ്ങളിലുള്ള കൃപ വർദ്ധിക്കുകയും ചെയ്യുന്നു.

### 5. വി. കുർബ്ബാനയുടെ മറുനാമങ്ങൾ (സങ്കീ. 50:13-14)

1. ക്നൂശിയോ - ഏകീകരണം 2. ശൌത്തോപ്പൂസോ - സംബന്ധം 3. കുറോബോ- അടുപ്പം 4. കുർബ്ബോനോ - ജീവനുള്ള ബലിയുടെ ദൃഷ്ടാന്തം 5. റോസേ കാദീശെ - വി. രഹസ്യങ്ങൾ 6. ഗിമീറൂസ്, ഗ്മിർവോസോ - പൂർണ്ണതകളുടെ പൂർണ്ണത 7. എവുക്കാറിസ്കിയാ - നല്ലദാന സ്തോത്രം 8. സ്നേഹത്തിൻെറയും (ഹൂബോ) സമാധാനത്തിൻെറയും (ശൈനോ) രഹസ്യം 9. കർത്തൃമേശ 10. വഴിയാഹാരം 11. ആത്മീയ പോഷണം.

---

*. 1. മ്ഹൈമ്നോ (വിശ്വാസി); 2. മുവ്മ്യോനോ (പ്രതിജ്ഞ എടുത്തവൻ); 3. മ്സമ്റോനോ (പാട്ടുക്കാരൻ); 4 കോറുയോ (വായനക്കാരൻ); 5 യൗഹദ്യക്നോ (കാവൽക്കാരൻ); 6 മ്ശമ്ശോനോ (ശുശ്രൂഷകൻ); 7. കാശീശോ (പട്ടക്കാരൻ) എന്നിവ ആചാര്യത്വത്തിൻെറ പടികളാകുന്നു;



http://Syrianchurch.org
@ Malankara Syriac Christian Resources

## 6. ക്രിസ്തീയ ജീവിത ലക്ഷ്യങ്ങൾ

കൗദാശിക ജീവിതം സത്യ വെളിച്ചമായ (സങ്കീ. 36:9) ദൈവത്തോടുകൂടി നടക്കുന്നതിനും ക്രിസ്തു നമ്മെ താങ്ങി നടത്തുന്നതിനും വി. റൂഹാ നമ്മിൽ വസിക്കുന്നതിനും ആവശ്യമാകുന്നു. ആദാം ദൈവത്തോടു കൂടി ഏദനിൽ നടന്നു. ഹാനോക്കു ദൈവത്തോടു കൂടി ഭൂമിയിൽ നടന്നു. നിബിയൻമാർ ദൈവത്തെ ദർശിച്ചു. അവർ ദൈവത്തെക്കുറിച്ച് പ്രസംഗിച്ചു. ശ്ലീഹന്മാർ കർത്താവിനെ പ്രഘോഷിച്ചു. സഹദേന്മാർ അവന്നു വേണ്ടി രക്തം ചിന്തി, വി. സഭയെ വളർത്തി. മൗദ്യാനന്മാർ കഷ്ടതകൾ സഹിച്ചു. ആചാര്യന്മാർ സഭയെ ശുശ്രൂഷിക്കുന്നു. നമുക്കും ദൈവത്തോടൊപ്പം നടക്കുവാൻ കഴിയണം. ദൈവത്തെയും തന്നെ ശുശ്രൂഷിക്കുന്നവരെയും ശുശ്രൂഷിപ്പാൻ നമുക്കു കഴിയണം. അവരേയും അവർ പാലിച്ച് നമ്മേ പഠിപ്പിച്ചിരിക്കുന്ന സത്യവിശ്വാസത്തേയും തള്ളിപ്പറയുന്ന യാതൊന്നും നമുക്കു സ്വീകരാര്യമല്ല. യഹോവയുടെ കൂടാരത്തിൽ വസിപ്പാനും തന്റെ വിശുദ്ധ പർവ്വതത്തിൽ കയറുവാനും നാം എന്തു ചെയ്യണമെന്ന് സങ്കീർത്തനം 15-ാം അദ്ധ്യായത്തിലും യെശയ്യാ 33:15-ലും വ്യക്തമായി പറയുന്നുണ്ട്. സങ്കീർത്തനം 15-1 നിഷ്കളങ്കനായിരിക്കണം, 2. നീതി ചെയ്യണം, 3. ഹൃദയപൂർവ്വം സത്യം സംസാരിക്കണം, 4. നാവുകൊണ്ട് കുരള പറയരുത്, 5. കൂട്ടുകാരനോട് ദോഷം ചെയ്യരുത്, 6. അവന് അപമാനം വരുത്തരുത്, 7. വഷളനെ നിന്ദ്യനായി എണ്ണണം, 8. യഹോവ ഭക്തന്മാരെ ബഹുമാനിക്കണം, 9. സത്യം ചെയ്തിട്ട് ഛേദം വന്നാലും മാററരുത്, 10. തന്റെ ദ്രവ്യം പലിശയ്ക്ക് കൊടുക്കരുത്, 11. കുററമില്ലാത്തവനു വിരോധമായി കൈക്കൂലി വാങ്ങരുത്. സത്യക്രിസ്ത്യാനി രാവും പകലും ക്രിസ്ത്യാനിയായിരിക്കണം. അവൻ ഒന്നാം സങ്കീർത്തനത്തിൽ പറയും പോലെ യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിക്കുന്നവനും രാപ്പകൽ അതിനെ ധ്യാനിക്കുന്നവനും ആയിരിക്കണം. ദൈവത്തിന്നായി ദാഹിക്കുന്ന ആത്മാവായിരിക്കണം. അതിനായി എന്തു ചെയ്യണമെന്ന് നമ്മെ പഠിപ്പിക്കുന്നത് വിശുദ്ധ സഭയാണ്.

## 7. വിശുദ്ധ സഭയുടെ ഏഴു കൽപനകൾ

1. ഞായറാഴ്ചകളിലും, മോറാനായ മുതലായ കടപ്പെട്ട ദിവസങ്ങളിലും വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കണം.
2. കല്പിക്കപ്പെട്ടിരിക്കുന്ന നോമ്പുകൾ ആചരിക്കണം.
3. ബുധൻ, വെള്ളി എന്നീ ദിവസങ്ങളിൽ വിലക്കപ്പെട്ട ഭക്ഷണ സാധനങ്ങൾ കഴിക്കരുത്.
4. പട്ടക്കാരന്റെ മുമ്പാകെ പാപങ്ങൾ ഏററു പറഞ്ഞു കുമ്പസാരിക്കണം.
5. വിശുദ്ധ കുർബ്ബാന അനുഭവിക്കണം.
6. വിരോധിക്കപ്പെട്ട നാളുകളിൽ വിവാഹബന്ധത്തിൽ നിന്നൊഴിഞ്ഞിരിക്കണം: വിരോധിച്ചിരിക്കുന്ന ബന്ധങ്ങളിലും, മുറകളിലും വിവാഹം കഴിക്കരുത്.
7. നേർച്ചകൾ (അപ്പൊ. പ്ര. 18:18), ദശാംശം (മലാ. 3:7-10), റിശീസാ മുതലായി പള്ളി സംബന്ധമായും, സഭാ സംബന്ധമായുള്ള എല്ലാ ഭോഗങ്ങളും കൃത്യമായി കൊടുക്കണം.

## 8. കാരുണ്യ പ്രവർത്തികൾ :

### A. ശാരീരികം

1. വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കുക, 2. ദാഹിക്കുന്നവർക്ക് കുടിപ്പാൻ കൊടുക്കുക. 3. പരദേശികളെ സ്വീകരിക്കുക. 4. നഗ്നർക്ക് വസ്ത്രം നൽകുക. 5. രോഗികളെ സന്ദർശിക്കുക. 6. തടവിലിരി ക്കുന്നവരെ ചെന്നു കാണുക. 7. മരിച്ചവരെ സംസ്കരിക്കുക

### B. ആത്മീയം

8. സംശയമനസ്ക്കരെ ഉറപ്പിക്കുക. 9. ഭോഷന്മാർക്കു ബുദ്ധി ഉപദേശിക്കുക.



http://Syrianchurch.org
@ Malankara Syriac Christian Resources

10. പാപികളെ ഗുണദോഷിക്കുക 11. കുററങ്ങൾ ക്ഷമിക്കുക, 12. സങ്കടക്കാരെ സമാധാനപ്പെടുത്തുക 13. സഹനശക്തി കാണിക്കുക 14. ജീവനുള്ളവർക്കും മരിച്ചവർക്കും വേണ്ടി പ്രാർതറിക്കുക.

**9. മൌലിക സുകൃതങ്ങൾ :-** (1) വിശ്വാസം (2) പ്രത്യാശ (3) സ്നേഹം

**10. ദൈവത്തിൻെറ പത്തു കൽപനകൾ** (പുറപ്പാട് 20:2-17)

**11. പത്തു കൽപനകളുടെ സാരാംശം** (മത്തായി 22:35-40)

**12. മരണകരമായ ഏഴു പാപങ്ങൾ :-** നിഗളം, അത്യാഗ്രഹം, മോഹം, കോപം, അതിഭക്ഷണം, അസൂയ, അലസത

**13. ഏഴു ജീവപ്രദമായ സൽഗുണങ്ങൾ :-** വിനയം, ഔദാര്യം, ജിതേന്ദ്രിയത്വം, സൗമ്യത, മിതത്വം, സഹോദര സ്നേഹം, ജാഗ്രത

**14. പരിശുദ്ധാത്മാവിനു വിരോധമായ പാപങ്ങൾ :-**

1. ഏതു പാപം ചെയ്താലും ദൈവം കരുണ ചെയ്തു കൊള്ളുമെന്നുള്ള അനർഹമായ ചിന്ത 2. നിരാശ 3. സത്യനിഷേധം 4.അപരൻെറ ആത്മീയ പുരോഗതിയിലുള്ള അസൂയ 5. മന:പൂർവ്വ മായ പാപാസക്തി 6. സമ്പൂർണ്ണ അനുതാപത്തിനുള്ള വിമുഖത

**15. പ്രതികാരത്തിനായി സ്വർഗ്ഗത്തോടു നിലവിളിക്കുന്ന പാപങ്ങൾ**

1. കരുതിക്കൂട്ടിയുള്ള കൊലപാതകം 2. സോദോമ്യപാപം (പ്രകൃതിവിരുദ്ധമായ ഭോഗം) 3. സാധുപീഡനം 4. വേലക്കാരൻെറ കൂലി കബളിപ്പിച്ചെടുക്കുക.

**16. അപരനെ ദുഷ്യത്തിലേക്കു നയിച്ചു തന്നത്താൻ പാപത്തിൽ പതിക്കുന്നതിനു മുഖാന്തരമായ പാപങ്ങൾ**

1. ദുരാലോചന 2. ദുരാജ്ഞ (ചീത്ത കാര്യങ്ങൾ ചെയ്യുവാൻ ആജ്ഞാപിക്കുക) 3. ദുരനുമതി (ചീത്ത കാര്യങ്ങൾക്ക് അനുമതി നൽകുക) 4. ദുർവാശികേററൽ 5. ദുഷ്പ്രശംസയും, മുഖസ്തുതിയും 6. സത്യഗോപനം (യഥാർത്ഥം മറച്ചു വയ്ക്കുക) 7. ദുർമൗനം (പറയേണ്ടവ പറയാതിരിക്കുക) 8. ദുർസഹകരണം ((ചീത്ത കൂട്ട്) 9. ചെയ്ത തെററു ശരിയാണെന്നു സ്ഥിരീകരിച്ചു പറയുക.

**17. ജഡത്തിൻെറ പ്രവർത്തികൾ (ഗലാ. 5:19-21)**

1. ദുർന്നടപ്പ് (adultry) - sexual relations outside wedlock, 2. അശുദ്ധി (fornication) - sexual relation between unmarried people, 3. ദുഷ്കാമം - moral uncleanliness, 4. വിഗ്രഹാരാധന - idolatry, 5. ആഭിചാരം - witchcraft (മന്ത്രവാദം), 6. പക - hatred, 7. പിണക്കം (variance), 8. ജാരശങ്ക (emulations, envious rivalry) 9. ക്രോധം (wrath), 10. ശാഠ്യം (strife) contention for superiority, conflict, 11. ദ്വന്ദപക്ഷം (seditions, incitemants of resistance against lawful authority), 12. ഭിന്നത (heresies), 13. അസൂയ (envyings, murders), 14. മദ്യപാനം (drunkenness), 15. വെറിക്കൂത്ത് (revellings). ജഡത്തിൻെറ ചിന്ത മരണം. ജഡസ്വഭാവം ഉള്ളവർക്ക് ദൈവത്തെ പ്രസാദിപ്പാൻ കഴികയില്ല. ക്രിസ്തുവിനുള്ളവൻ ജഡത്തെ അതിൻെറ രാഗമോഹങ്ങളോടു കൂടി ക്രൂശിക്കണം (ഗലാ. 5:24)

**18. മരണയോഗ്യമായ പാപങ്ങൾ (റോമ. 1:29-31)**

1. അനീതി (unrightousness), 2. ദുഷ്ടത (wickedness), 3. അത്യാഗ്രഹം, 4. ദുർബുദ്ധി, 5. അസൂയ, 6. കുല, 7. പിണക്കം, 8. കപടം, 9. ദുശ്ശീലം, 10. കുരള, 11. ഏഷണി, 12. ദൈവദ്വേഷം, 13. നിഷ്ഠൂരത, 14. ഗർവ്വ്, 15. ആത്മപ്രശംസ, 16. പുതുദോഷം. (പാരമ്പര്യത്തിനെതിരായ പഠിപ്പീരുകൾ) 17. മാതാപിതാക്കന്മാരെ



http://Syrianchurch.org
@ Malankara Syriac Christian Resources

അനുസരണയില്ലായ്മ, 18. ബുദ്ധിഹീനത, 19. നിയമലംഘനം, 20. വാത്സല്യ മില്ലായ്മ, 21. കനിവില്ലായ്മ.

## 19. വേദത്തിൽ പറയുന്ന 18 ദൂഷ്യങ്ങൾ

1. കാമം: 2. ക്രോധം: 3. പാരതന്ത്ര്യകം; 4. പരദൂഷണം; 5. ഏഷണി: 6. അർത്ഥഹാനി (worry over lost things); 7. വിവാദം: 8. മാത്സര്യം: 9. പ്രാണിപീഢനം: 10. ഈർഷ്യ: 11. ആർഷം (എന്നിൽ കവിഞ്ഞ് ആരുമില്ലെന്ന ഭാവം): 12. കേറിവാക്ക്: 13. സംജ്ഞാനാശം (ശരിയായ അറിവിനെ അറിഞ്ഞുകൊണ്ട് അറിയില്ലെന്നു നടിക്കുക): 14. മസ്തേയം (മനസ്സാ, വാചാ, കർമ്മണ മോഹിക്കാതിരിക്കുക); 15. താനെന്ന ഭാവം; 16. ബ്രഹ്മചര്യ നാശം; 17. വിഗർഹിതം (കൊള്ളരുതാത്ത ഹിതം): 18. മദം (മായയിലുള്ള വിശ്വാസം).

## സത്യവിശ്വാസം സംരക്ഷിക്കുക

സത്യക്രിസ്ത്യാനി രാവും പകലും ക്രിസ്ത്യാനിയായിരിക്കണം. അവൻ ഒന്നാം സങ്കീർത്തനത്തിൽ പറയും പോലെ യഹോവയുടെ ന്യായപ്രമാണ ത്തിൽ സന്തോഷിക്കുന്നവനും രാപ്പകൽ അതിനെ ധ്യാനിക്കുന്നവനും ആയിരിക്കണം. അതിനായി എന്തു ചെയ്യണമെന്ന് നമ്മെ പഠിപ്പിക്കുന്നത് സഭയാണ്. കല്പനകൾ പ്രമാണിച്ച് ജീവിക്കുന്നതാണ് യഥാർത്ഥ സഭാ ജീവിതം. അതാണ് ക്രിസ്തുവിലുള്ള ജീവിതവും. അതു കൗദാശിക ജീവിതമാകുന്നു. അതു ഭൗമികമായ വി. സഭയിലെ വി. മാമോദീസയിൽ തുടങ്ങി മണവാട്ടി സഭയാകുന്ന സ്വർഗ്ഗീയ യെരുശലേം വരെയും എത്തുന്നതുമാകുന്നു. സ്വർഗ്ഗീയ സഭയുടെ സാദൃശ്യത്തിലാകുന്നു ഭൗമിക സഭയെ കർത്താവ് സ്ഥാപിച്ചു, ക്രമീകരിച്ചിരിക്കുന്നത്. നാലു ജീവകളുടെ ക്രൂശാകൃതി യിലുള്ള ദൈവിക സിംഹാസനവും സ്വർണ്ണ ധൂപകലശവും, ധൂപ പ്രാർത്ഥനയും, സ്തോത്ര ഗാനങ്ങളും, സ്വർണ്ണക്കിരീടവും, സാഷ്ടാംഗ പ്രണാമം ചെയ്തുള്ള വന്ദനവും എല്ലാം സ്വർഗ്ഗീയ സഭയിൽ ഇപ്പോഴും ഉണ്ട്. ഇവയെല്ലാം ഭൗമികസഭ യിലും, സ്ഥാപിച്ച് നിലനിർത്തപ്പെട്ടു പോരുന്നു. ഇതെല്ലാമുള്ളതാണ് യഥാർത്ഥ സഭ.അല്ലാത്തതൊന്നും കാതലായ സഭാസത്യങ്ങൾ ഉൾക്കൊള്ളുന്നവയല്ല. സത്യ (ഓർത്തഡോക്സ്) വഴിയിൽ കൂടി വേണം ഇതിൽ കടക്കുവാൻ. സത്യവഴി കാട്ടു ന്നതു സത്യസഭയാകുന്നു. ഇവയെ തള്ളിക്കളയുന്നവൻ സ്വർഗ്ഗീയ മാർഗ്ഗത്തെ യാകുന്നു തള്ളിക്കളയുന്നതും. പകരം സ്വീകരിക്കുന്നതു ശാപത്തിൻെറ മാർഗ്ഗവും. വി. സഭയുടെ കല്പനകളുടെ ആചാരണം വഴി കൗദാശിക ക്രിസ്തീയ ജീവിതം ഉറപ്പിക്കണം. വൈകാരികത നിറഞ്ഞ കൺവെൻഷനുകളും കാരിസ്മായും മാത്രം മതി എന്നുള്ള നവീന ചിന്താധാരകളിൽ പെട്ടു പോകാതെ, ആത്മീയ നിറവുള്ള സത്യവിശ്വാസ സംഗതികൾ പഠിക്കുകയും, പാലിക്കുകയും സംരക്ഷിക്കുകയും, പിതാക്കന്മാരുടെ പാതകളെ കണ്ടെത്തി പിന്തുടരുകയും അവരുടെ പാരമ്പര്യങ്ങളും, ഉപദേശങ്ങളും, നോമ്പും, പ്രാർത്ഥനയും സംരക്ഷിക്കുകയും, വരും തലമുറയെ ഏല്പിക്കുകയും ചെയ്യണം.

## വിശുദ്ധ മാമോദീസാ - എവിടെവച്ച്, എന്തിന് ?

വി. സുറിയാനി സഭയിലെ മാമോദീസ മൂന്നു അതി വിശുദ്ധ കൂദാശകളുടെ സംഗമ മാകുന്നു. അവ **വി. സ്നാനം, വി. മൂറോൻ, വി. കുർബ്ബാന** എന്നിവയാകുന്നു. വി. മൂറോനും വി. ശരീരരക്തങ്ങളും അതി വിശുദ്ധ വസ്തുക്കളാകയാൽ അവ പൌരോഹിത്യപരമായി മാത്രം കൈകാര്യം ചെയ്യപ്പെടുന്നവയും സാധാരണ ഗതിയിൽ വി. ദൈവാലയത്തിൽ വച്ചു സ്വീകരിക്കപ്പെടുന്നവയുമാകുന്നു. ഒരു ശിശു ജനിച്ചാൽ ഏററം ആദ്യമായി നടത്തപ്പെടുന്ന കൂദാശയാകുന്നു വി. മാമോദീസ. ഇതു ഒരുവൻെറ വി. സഭാപ്രവേശന കൂദാശ എന്നതുപോലെ ദൈവാലയ പ്രവേശന കൂദാശയും കൂടിയാകുന്നു. മാത്രമല്ല നാം ദൈവത്തിൻെറ ജീവനുള്ള ആലയങ്ങളായി ത്തീരുന്നതും (1 കോരി. 3:16) സഭാഗാത്രത്തിൽ ഒട്ടിക്കപ്പെടുന്നതും (റോമ.11:23-24). ജീവൻെറ പുസ്തകത്തിൽ പേരെഴുതപ്പെടുന്നതും ഇതുവഴിയാകുന്നു.



http://SyrianChurch.org
@ Malankara Syriac Christian Resources

കർത്താവിനു പ്രസാദമുള്ള ശ്രേഷ്ഠന്മാരായ തൻെറ വിശുദ്ധന്മാരുടെ (സങ്കീ. 16:3, ആവ. 33:3) നാമങ്ങൾ വഴി അറിയപ്പെടുന്നു (പുറ. 3:6) എന്നതാണ് നമ്മുടെ ദൈവാലയങ്ങളുടെ പ്രത്യേകത. എൻെറ നാമത്തിൻെറ സ്മരണ ഞാൻ സ്ഥാപിക്കുന്ന ഏതു സ്ഥലത്തും ഞാൻ ഇറങ്ങി വന്നു നിന്നെ അനുഗ്രഹിക്കും എന്ന ദൈവവചനം (പുറ. 20:24) നമ്മുടെ ദൈവാലയങ്ങൾ വഴി ഇന്നും നിവർത്തിയാക്കപ്പെടുന്നു. യെരുശലേം ദൈവാലയത്തെപ്പററി ശലോമോൻ ദൈവത്തോട് പറയുന്നതു നിൻെറ നാമത്തിനു പണിതിരിക്കുന്ന ഈ ആലയം (2. ദിന. 6:38) എന്നാകുന്നു. മാത്രമല്ല, ഈ സ്ഥലത്തു കഴിക്കുന്ന പ്രാർത്ഥനയ്ക്കു എൻെറ കണ്ണു തുറന്നിരിക്കയും എൻെറ ചെവി ശ്രദ്ധിച്ചിരിക്കയും ചെയ്യും. എൻെറ നാമം എന്നേയ്ക്കും അതിൽ ഇരിക്കേണ്ടതിന് ഇപ്പോൾ അതിനെ തിരഞ്ഞെടുത്തു ശുദ്ധീകരിച്ചിരിക്കുന്നു. എൻെറ ദൃഷ്ഠിയും എൻെറ ഹൃദയവും എപ്പോഴും ഇവിടെ ഇരിക്കും (2. ദിന. 7:15-17) എന്ന ദൈവീക വാഗ്ദത്തവും പ്രാപിച്ചിട്ടുള്ളതാണ് നമ്മുടെ ദൈവാലയങ്ങൾ. ദൈവപ്രസാദം ലഭിച്ച (സങ്കീ. 16:3, ഉല്പ. 26:24, ഈയ്യോ 42:8) പരിശുദ്ധന്മാരുടെ നാമത്തിൽ കൂദാശ ചെയ്തു പ്രതിഷ്ഠിക്കപ്പെടുന്ന നമ്മുടെ ദൈവാലയങ്ങളിൽ വച്ചാകുന്നു നമ്മുടെ കുഞ്ഞുങ്ങൾ ദൈവനാമത്തിൽ വി. മാമോദീസാ വഴി പേർ വിളിക്കപ്പെട്ട് ജീവൻെറ പുസ്തകത്തിൽ (വെളി. 20:15) പേരെഴുതപ്പെടുന്നത് എന്നതും എത്രയോ അർത്ഥവത്തും യുക്തിയുക്തവുമാകുന്നു എന്നും നാം അറിയുന്നു. ഓരോ സഭാമക്കളും ദൈവനാമത്തിൽ വി. മാമോദീസാ വഴി പേർ ചൊല്ലി വിളിക്കപ്പെടുന്നവരാകുന്നു. (യെശ. 43:1;45:3-4; ഗലാ. 1:15). അവസാന നാളിൽ നമ്മേ പേർ ചൊല്ലി വിളിക്കുന്നതും ഈ പേരിലാകുന്നു.

വി. മാമോദീസയെപ്പററി വി. വേദപുസ്തകവും, വി. സഭയും പഠിപ്പിക്കുന്ന സുപ്രധാന സംഗതികൾ താഴെക്കൊടുക്കുന്നു.

1. വി. മാമോദീസ വഴി ഒരു ശിശു ജഡികമായി അവൻ പ്രാപിച്ചിട്ടുള്ള പഴയ ജീവനിൽ നിന്നും (എഫേ. 4:22) ഉയർത്തെഴുന്നേററ ക്രിസ്തുവിൻെറ പുതുജീവനിലേക്ക് (എഫേ. 4:24) പ്രവേശിക്കുന്നു. (Renunciation of past life and entry into new life of the risen Christ)
2. ആത്മാവു വഴിയുള്ള പുതുക്കം (എഫേ. 4:23) പ്രാപിക്കുന്നു. (Renewal by the Holy Spirit) (2. Cor.5:17)
3. പരിശുദ്ധാത്മാവിൻെറ മുദ്ര പ്രാപിക്കുന്നു. തന്മൂലം ജീവനിലേക്ക് മുദ്രകുത്തപ്പെടുന്നു (Receiving the seal of divine protection) (2.Cor. 1:21-22, Eze. 9:4-6, Rev. 3)
4. ആദാമ്യപാപ ജീർണ്ണതയിൽ നിന്നുള്ള ഉദ്ധാരണം (2. കോലോ. 3:10, എഫെ. 4:22-24) ലഭിക്കുന്നു (Recovery from Adamite corruption)
5. ഹൃദയ ദൃഷ്ടി പ്രകാശിക്കുന്നു. പ. ത്രിത്വത്തെ ദർശിക്കുന്നതിനുള്ള പ്രകാശം (സങ്കി. 36:9) ഹൃദയത്തിൽ ലഭിക്കുന്നു (Giving the light to see the Holy Trinity) (Eph 1:17-19; 2. Cor. 4:6)
6. പാപത്തിൻെറ അടിമത്വത്തിൽ നിന്നും സ്വതന്ത്രനാകുന്നു. (Gal.* 5:19-21, Rom.* 1.29-31)
7. ദൈവിക ദാനങ്ങളാൽ നിറയപ്പെടുന്നു. (Eph. 4:7-16)
8. വിഗ്രഹാരാധനയിൽ നിന്നും നീക്കപ്പെടുന്നു. (Eze. 36:25-29)
9. ദൈവത്തിൻെറ മന്ദിരമായിത്തീരുന്നു. (1. Cor. 3:16; 6:17-20)
10. യേശുക്രിസ്തുവാകുന്ന മൂലക്കല്ലിന്മേൽ ശ്ലീഹന്മാരാകുന്ന അടിസ്ഥാന കല്ലുകളിൽ ചേർത്തുറപ്പിക്കപ്പെടുന്നു. ആത്മീയ ഗൃഹമായി വളരുന്ന (Giving the light to see the Holy Trinity) (Eph. 2:19-22)
11. ക്രിസ്തുവിൻെറ പ്രകാശം (എഫെ. 5 17) ലഭിക്കുന്നു. (enlightening)
12. മരണകരമായ പ്രവർത്തികളെ ഉപേക്ഷിക്കുന്നു (forsakes deadly sins) (എഫെ. 2:4-22)
13. വചനത്തോടു കൂടിയ ജലസ്നാനം (എഫേ. 5:26-27) വഴി ഹൃദയ ശുദ്ധീകരണം (യിര. 4:4) ലഭിക്കുന്നു (cleansing).



http://SyrianChurch.org
@ Malankara Syriac Christian Resources

14. പുത്രസ്വീകാരം (റോമ. 8:15 ഗലാ. 4.6. പത്രോ. 1:2, റോമ. 6:3-5) ലഭിക്കുന്നു. (adoption of sons - adoptio filorum)
15. പഴയ മനുഷ്യനെ (എഫേ. 4:22-24) ഉരിഞ്ഞു കളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുന്നു (removing the 'oldman') (Col 3.10. Gel. 3:26-27)
16 നിത്യജീവന് (യോഹ 3.3,6) അർഹനാകുന്നു. (for life ever lasting)
17. കർത്താവേശു മശിഹായുടെ മരണത്തിലും കബറടക്കത്തിലും ഉയർപ്പിലും (റോമ. 6:3-11) പങ്കാളിയാകുന്നു. (for participatin in the death and resurrection of Christ)
18. മശിഹായുടെ അഭിഷേകവും, മുദ്രയും നമ്മുടെ ശരീരത്തിലും ജീവനിലും പ്രാപിക്കുന്നു (1. യോഹ. 2:20,27) (2. കോരി. 1:22). (receiving the annointing seal of Christ)
19. വീണ്ടും ജനനം വഴി നവജീവൻ (യോഹ. 6:54; 17:3, റോമ. 8:15-17, 1. പത്രോ. 1:3-5, 23) സ്വീകരിക്കുന്നു. (receiving divine breath)
20. ജീവൻെറ പുസ്തകത്തിൽ (വെളി. 20:15) പേരെഴുതപ്പെടുന്നു (enrolment in the Book of Life)
21. സാത്താനെ തള്ളിപ്പറഞ്ഞ് (മത്താ.16:23) ഉപേക്ഷിക്കുന്നു. (Renunciation of Satan)
22. പാപമോചനം (അപ്പോ. 2:37-38, 10:43) പ്രാപിക്കുന്നു. (Remission of sins)
23. നാശമില്ലായ്മയുടെ തേജോവസ്ത്രം (എശാ. 61:10, വെളി. 3:4-5, 7:9, എഫേ. 5:26-27, റോമ. 8:17) ധരിക്കുന്നു. (giving incorruptible and spiritual garments)
24. പരിശുദ്ധാത്മാവിൻെറ അഭിഷേകം പ്രാപിക്കുന്നു (യോഹ. 20:22, 1. യോഹ. 2:20,27). (sacrament of the Holy Spirit and seal of true faith)
25. കർതൃഭവനത്തിലെ അംഗത്വവും (റോമ. 8:16-17), ക്രിസ്തുവിനോടു കൂടിയുള്ള കൂട്ടവകാശവും (ഗലാ. 3:29, എഫേ. 3:6) (becoming a member of God's household) ലഭിക്കുന്നു.
26. നിത്യജീവൻെറ (യോഹ. 3:3, 6:54, 10:27-28) പ്രത്യാശ ലഭിക്കുന്നു (for hope of eternal life).
27. വി. സഭയിലേക്കു സ്വീകരിക്കപ്പെടുന്നു (അപ്പോ. 2:47) (receiving into the Church)
28. ദൈവത്തിൻെറ ആട്ടിൻ കൂട്ടത്തിൽ എണ്ണപ്പെടുന്നു (അപ്പൊ. 20:28-29)
29. ദൈവത്തിൻെറ മുഖശോഭ അവനിൽ പ്രതിബിംബിക്കപ്പെടുന്നു (2.കോരി. 3:11, 7-11, 16-18)
30. ക്രിസ്തുവിനെ ധരിക്കുന്നു. (1.കോറി. 15:45-53)
31. അന്ധകാരത്തിൽ നിന്നും മാർഗ്ഗഭ്രംശത്തിൽ നിന്നും യഥാർത്ഥമായ ജ്ഞാനത്തിലേക്ക് തിരിച്ചു വരുന്നു. (1.പത്രോ. 2:9-10)
32. ദൈവാരാധകരുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നു (Eph. 2:19-22)
33. മശിഹായുടെ വി. സ്ലീബായുടെ അടയാളം ഹൃദയങ്ങളിലും മനസ്സിലും പതിക്കപ്പെടുന്നു (Gal. 3:1)
34. ദൈവത്തിൻെറ നാമം നമ്മുടെ മേൽ ഇതുവഴി വിളിക്കപ്പെടുന്നു. (John 17:2)
35. ശത്രുവിൻെറ ദുഷ്ടതകളിൽ നിന്നും രക്ഷിക്കപ്പെടുന്നു (John 17:14-15)
36. ഈ ലോക വ്യർത്ഥതകളിൽ നിന്നും വിടുവിക്കപ്പെടുന്നു (Heb. 2. 14-15. Gel 5:1)
37. ദൈവമാർഗ്ഗത്തിൽ ചരിക്കുവാൻ ഇടവരുന്നു (Eph. 3:14-18)
38. ദൈവിക നിശ്വസനം സ്വീകരിക്കുന്നു (Acts. 20:22)
39. വി. സഭയിലെ ഒരു നടുതലയായി നട്ടു നനയ്ക്കപ്പെടുന്നു (എശ. 27:2-3) (one is planted as sapling into the Church) (1.Cor. 8:9)
40. ആത്മീയ പരിച്ഛേദന (റോമ. 2:29) പ്രാപിക്കുന്നു (spiritual circumcision)
41. വീണ്ടും ജനനം (യോഹ. 3:6) ലഭിക്കുന്നു. (regeneration)
42. ആത്മീയ പുറപ്പാടിലേക്ക് (1.കൊരി. 10:2-4) പ്രവേശിക്കുന്നു. (new exodus)
43. ആദാമിൻെറ ആദ്യ മഹത്വത്തിലേക്ക് (യെഹ. 28:12-14), കോരി. 15:45-49) തിരിയെ വന്നെത്തുന്നു. (putting the glory of Adam)
44. പുതിയ സൃഷ്ടിയായിത്തീരുന്നു (2. കൊരി. 5:17)
45. ദൈവിക ദാനങ്ങൾ കൊണ്ട് നിറയപ്പെടുന്നു (എഫെ. 4:7-16; 3:6-9: 1 Cor. 12)



http://SyrianChurch.org
@ Malankara Syriac Christian Resources